# ‘വധുവിനെ ആവശ്യമുണ്ട്’

“ രക്ഷിക്കപ്പെട്ട്, സ്നാനപ്പെട്ട്,
അഭിഷേകം പ്രാപിച്ച്, അന്യഭാഷാവരമുള്ള ,
ദൈവകൃപയിൽ നിൽക്കുന്ന സുന്ദരനും ....... ”

**ക്രൈ**സ്തവമാസികകളിലും, പത്രികകളിലുമൊക്കെ സാധാരണ കാണാറുള്ള ഒരു വിവാഹ പരസ്യത്തിന്റെ ആദ്യഭാഗങ്ങളാണ് മുകളിൽ ഉദ്ധരിച്ചിത്. എന്നാൽ "സഹോദരന്മാരെ, ആത്മീകവരങ്ങളെക്കുറിച്ച് നിങ്ങൾക്ക് അറിവില്ലാതിരിക്കരുതെന്ന് ഞാൻ ആഗ്രിഹിക്കുന്നു" (1 കൊരി 12:1) എന്നുള്ള പൗലോസ് അപ്പൊസ്തലന്റെ മുന്നറിയിപ്പ് അവഗണിച്ചുകൊണ്ടുള്ള വേദപഠനത്തിൽ നിന്നും ഉരുത്തിരിഞ്ഞ ആശയങ്ങൾ കോർത്തിണക്കിയാണ് മേലുദ്ധരിച്ച പരസ്യം തയ്യാറാക്കിയിരിക്കുന്നതെന്ന് പ്രാരംഭമായി മനസ്സിലാക്കാം. ***മാനുഷ ജ്ഞാനം ഉപദേശിക്കുന്ന വചനങ്ങളാലല്ല, ആത്മാവ് ഉപദേശിക്കുന്ന വചനങ്ങളാൽത്തന്നെയാണ് (1 കൊരി 2:13)*** അപ്പൊസ്തലന്മാർ സംസാരിച്ചിരുന്നതെന്ന് വിശ്വസിക്കുന്നവർക്കുവേണ്ടിമേൽപ്പറഞ്ഞ പരസ്യവാചകത്തിലെ ഓരോ പദവും പഠനവിഷയമാക്കുകയാണ്.

## രക്ഷിക്കപ്പെട്ട

**പാ**പിയായ ഒരുവ്യക്തിക്ക് സ്വയം പാപത്തിൽ നിന്നും മുക്തനാകാൻ കഴിയുന്നതല്ല. പാപത്തിന്റെ ഫലമായി അവനു ലഭിക്കുന്ന നരക ശിക്ഷയിൽനിന്നും കൃപയാൽ ദൈവമൊരുക്കിയ ഏക രക്ഷാമാർഗ്ഗമായ യേശുക്രിസ്തുവിന്റെ യാഗമരണത്തിൽ വിശ്വസിച്ച് പാപമോചനം നേടുക എന്നതാണ് ഒരു വ്യക്തി രക്ഷിക്കപ്പെടുക എന്നുള്ളത്. കേവലം ശാരീരികമായ രോഗസൗഖ്യം ലഭിച്ചതുകൊണ്ട് സ്നാനപ്പെടുന്നതിനെയല്ല രക്ഷിക്കപ്പെടുക എന്നതുകൊണ്ട് തിരുവചനം അർത്ഥമാക്കുന്നത്. നാം പാപികൾ എന്ന് മനസ്സിലാക്കുവാൻ ഒരു തത്വചിന്തയുടെ ആവശ്യമൊന്നുമില്ല. ചിന്തിക്കരുതാത്തത് ചിന്തിച്ചും ചെയ്യരുതാത്തത് ചെയ്തും നാം പാപികൾ എന്ന് തെളിയിച്ചിരിക്കുകയാണ്. നന്മ ചെയ്യുന്നതിൽ ഒരു മനുഷ്യനും പൂർണ്ണനല്ല. നന്മ ചെയ്യുവാൻ ആഗ്രഹിക്കുമ്പോഴും ഇഷ്ടപ്പെടാത്ത തിന്മ കൂടി അവൻ ചെയ്യുന്നു. സൽപ്രവർത്തികൾക്കായി സൃഷ്ടിക്കപ്പെട്ട മനുഷ്യൻ വല്ലപ്പോഴും നന്മ ചെയ്യുന്നു എന്നുവച്ച് അവന്റെ തെറ്റ് പരിഹരിക്കപ്പെടുന്നില്ല. ഇപ്രകാരം പാപം ചെയ്യുന്ന മനുഷ്യരുടെ ആത്മാവ് നിത്യശിക്ഷാവിധിയായ നരകത്തിൽ പതിക്കുന്നു. എന്നാൽ യേശുക്രിസ്തു സകല മനുഷ്യരും രക്ഷ പ്രാപിപ്പാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും ഇച്ഛിക്കുന്നു. യേശുക്രിസ്തു ഇപ്രകാരം പറഞ്ഞു ഞാൻ പിതാവിലും പിതാവ് (ദൈവം) എന്നിലുമാകുന്നു (യോഹ 14:10). ഞാൻ മോക്ഷത്തിലേക്കുള്ള വാതിലാകുന്നു. എന്നിലൂടെ കടക്കുന്നവൻ രക്ഷപ്രാപിക്കും (യോഹ 10:9). കർത്താവായ യേശുക്രിസ്തു പാപമില്ലാത്തവനായിരുന്നു. പാപബന്ധനത്തിൽ നിന്നും സ്വതന്ത്രനായ ദൈവമായതുകൊണ്ടാണ് അവൻ മാനവരക്ഷ സാധിച്ചത്. മറ്റൊരുത്തനിലും രക്ഷയില്ല, നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട മറ്റൊരു നാമവുമില്ല (അപ്പൊ.പ്ര 4:12). നമ്മുടെ പാപത്തിനു ലഭിക്കേണ്ട ശിക്ഷ ക്രിസ്തു സഹിച്ചു മരിച്ചു. "യേശുക്രിസ്തു പാപികളെ രക്ഷിക്കുവാൻ ലോകത്തിൽ വന്നു എന്നുള്ളത് വിശ്വാസ്യവും ഏവരും അംഗീകരിക്കാൻ യോഗ്യവുമായ വചനം തന്നെ." "അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ അവൻ അധികാരം കൊടുത്തു"(യോഹാ 1:12).***എന്താണ് നിങ്ങൾ വിശ്വസിക്കേണ്ടത് ?ഞാൻ പാപിയാണ്. പാപിയായ ഞാൻ നരകത്തിൽ പോകേണ്ടവനാണ്. എന്നാൽ ക്രിസ്തു എനിക്കുവേണ്ടി കുരിശിൽ എന്റെ നരകവേദനകൾ അനുഭിച്ചു മരിച്ചു അടക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റു എന്നു വിശ്വസിക്കണം. ആ യേശുവിനെ എന്റെ രക്ഷിതാവായും കർത്താവായും ഞാൻ സ്വീകരിക്കുന്നു. ഈ വാക്കുകൾ വിശ്വസിച്ച് ഉച്ചരിക്കുന്ന മാത്രയിൽ നിങ്ങൾ രക്ഷിക്കപ്പെട്ട് വീണ്ടും ജനനം പ്രാപിച്ച് ഒരു ദൈവപൈതലായി തീരും.***

## സ്നാനപ്പെട്ട

**പി**താവാം ദൈവത്തിന്റെ ആലോചനയാൽ, രക്ഷിക്കപ്പെട്ടവർ സ്വീകരിക്കുന്ന സ്നാനം, പുത്രനായ ദൈവത്തിന്റെ കൽപ്പനയാണ്. ഒരു വ്യക്തി വീണ്ടുംജനനം പ്രാപിക്കുന്നതിനെ അത് ദൃശ്യവൽക്കരിക്കുന്നു. പാപസംബന്ധമായി താൻ മരിച്ച് അടക്കപ്പെട്ടുവെന്നും ഒരു പുതിയ വ്യക്തിയായി താൻ രൂപാന്തരപ്പെട്ടുവെന്നും പരസ്യമായി സാക്ഷിക്കുന്ന കർമ്മമാണ് സ്നാനം. ***സ്നാനം രക്ഷിക്കപ്പെടുവാനുള്ള മാർഗ്ഗമല്ല. കാരണം കൃപയാൽ വിശ്വാസത്താലാണ് നാം രക്ഷിക്കപ്പെടുന്നത്.*** അതിന് നമ്മുടെ യാതൊരു പ്രവൃത്തിയും കാരണമല്ല. രക്ഷിക്കപ്പെട്ടവനാണ് കർത്തൃകൽപ്പനായ സ്നാനം ഏൽക്കേണ്ടത്.

## ദൈവകൃപയിൽ നിൽക്കുന്ന

**ഒ**രു വ്യക്തി രക്ഷിക്കപ്പെടുന്നത് ദൈവകൃപയാലാണ്. നമുക്ക് അർഹമല്ലാത്തത് നൽകുന്നതാണ് ദൈവകൃപ; എന്നു പറഞ്ഞാൽ പാപികളായ നമ്മൾ അർഹിക്കാത്ത പാപമോക്ഷം തരുന്നതാണ് ദൈവകൃപ. യേശുക്രിസ്തുവിലൂടെ നമുക്ക് പാപമോചനം ലഭിക്കുന്നു. ഇപ്രകാരം ദൈവകൃപയാൽ നാം രക്ഷിക്കപ്പെട്ടിരിക്കുന്നു. "കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത് " (എഫെ 2: 8,9) എന്ന് തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. രക്ഷിക്കപ്പെട്ടവർ ദൈവകൃപയാലാണ് നിലനിൽക്കുന്നത്.

## അഭിഷേകം പ്രാപിച്ച

**ആ**ത്മാഭിഷേകം എന്ന വിഷയത്തെക്കുറിച്ച് പഠിപ്പിക്കുന്നതിന് ആത്മസ്നാനത്തെക്കുറിച്ചും ആത്മനിറവിനെക്കുറിച്ചും പഠിപ്പിക്കുന്ന ഭാഗങ്ങളാണ് മിക്ക ഉപദേഷ്ടാക്കന്മാരും സ്വീകരിക്കുന്നത്. എന്താണ് അഭിഷേകം എന്നും തിരുവചനത്തിൽ അത് എവിടെ രേഖപ്പെടുത്തിയിരിക്കുന്നു എന്നും പരിശോധിക്കാം. ഒരു വ്യക്തിയെ ഒരു പ്രത്യേക ശുശ്രൂഷ നിർവഹിക്കുന്നതിനായി ഔദ്യോഗികമായി വേർതിരിക്കുന്ന കർമ്മമാണ് അഭിഷേകം(പുറ: 28:41). പ്രവാചകന്മാരെയും പുരോഹിതന്മാരെയും രാജാക്കന്മാരെയും അഭിഷേകം നൽകിയാണ് ആ ചുമതലകൾ ഏൽപ്പിച്ചിരുന്നത് (1 ദിന 16:22, പുറ. 28:41, സങ്കീ. 105:15, പുറ. 30:30, ലേവ്യ 8:12, 1 ശമു 9:16, 16:13). പുതിയ നിയമത്തിൽ 7 ഭാഗങ്ങളിൽ ആത്മാഭിഷേകത്തെക്കുറിച്ച് പറയുന്നുണ്ട്. ഇതിൽ യേശുക്രിസ്തുവിനെ പിതാവായ ദൈവം അഭിഷേകം ചെയ്യുന്നതിനെക്കുറിച്ച് 4 ഭാഗങ്ങളിൽ പറയുന്നു(ലൂക്കോ 4:18, അപ്പൊ 4:26,27; 10:38, എബ്രാ 1:8,9). (ബാക്കി 3 ഭാഗങ്ങളിൽ പുത്രനിൽ വിശ്വസിക്കുന്നവർക്ക് ലഭ്യമാകുന്ന അഭിഷേകത്തെക്കുറിച്ച് എഴുതിയിരിക്കുന്നു. പഴയനിയമപ്രകാരം അഭിഷേകം ചെയ്യുന്നത് തലയിലാണ് (പുറ 29:7, ലേവ്യ 8:12; 21:10, സങ്കീ. 23:5; 133:2). പുതിയനിയമം അതു ശരിവയ്ക്കുന്നു കാരണം, സഭ എന്ന ശരീരത്തിന്റെ തല ക്രിസ്തുവാണ്. *അഹരോന്റെ തലയിലെ അഭിഷേക തൈലം ശരീരത്തിലൂടെ വ്യാപിച്ചതുപോലെ പിതാവായ ദൈവം സഭാഗാത്രത്തിന്റെ തലയായ ക്രിസ്തുവിനെ അഭിഷേകം ചെയ്തതിനാൽ ആ അഭിഷേകം ശരീരത്തിലെ അവയവങ്ങളായ ഓരോ വിശ്വാസിയിലേക്കും വ്യാപിയ്ക്കുന്നു. അതിനാലാണ് തിരുവചനത്തിൽ ആത്മാഭിഷേകം ലഭിക്കുന്നതിന് കാത്തിരിക്കണമെന്ന ഉപദേശമില്ലാത്തത്.* 2 കൊരിന്ത്യർ 1ന്റെ 21, 1 യോഹന്നാൻ 2ന്റെ 20, 27

Contd....

എന്നീ ബാക്കിയുള്ള 3 ഭാഗങ്ങളിൽ രക്ഷിക്കപ്പെട്ടവർക്ക് ആത്മാഭിഷേകം ലഭിച്ചിരിക്കുന്നു എന്ന് വ്യക്തമാക്കുന്നു. 2 കൊരിന്ത്യർ 1:21ൽ "ഞങ്ങളെ നിങ്ങളോടുകൂടെ ക്രിസ്തുവിൽ ഉറപ്പിക്കുന്നതും നമ്മെ അഭിഷേകം ചെയ്തതും ദൈവമല്ലോ" എന്ന് രേഖപ്പെടുത്തിയിരിക്കുമ്പോൾ അവർ എല്ലാവരും ആത്മാഭിഷേകം പ്രാപിച്ചവരെന്ന് മനസ്സിലാക്കാം. എന്നാൽ 1 കൊരിന്ത്യർ 12ന്റെ 29- 31ൽ എല്ലാവരും അന്യഭാഷകളിൽ സംസാരിക്കുന്നുവോ എന്നു കാണുന്നു. ആയതിനാൽ അഭിഷിക്തരെങ്കിലും അന്യഭാഷ പറയാത്തവരുമുണ്ട് എന്ന് ചുരുക്കം. ***അതായത്, അന്യഭാഷാഭാഷണം ആത്മാഭിഷേകത്തിന്റെ അടയാളമല്ല.***

ഇതിൽ നിന്ന് വ്യത്യസ്തമാണ് ആത്മസ്നാനവും ആത്മനിറവും. ആത്മസ്നാനത്തെക്കുറിച്ച് 7 ഭാഗങ്ങൾ മാത്രമാണ് പുതിയ നിയമത്തിൽ ഉള്ളത്. ഈ വാക്യങ്ങളെ പ്രവചനപരം (മത്തായി 3:11, മർക്കൊസ് 1:8, ലൂക്കൊസ് 3:16, യോഹ 1:33, അപ്പൊ. 1:5) ചരിത്രപരം (അപ്പൊ 11:16), ഉപദേശപരം (1 കൊരി 12:13) എന്നിങ്ങനെ തരംതിരിക്കാം. ആദ്യത്തെ 4 ഭാഗങ്ങൾ യോഹന്നാൻ സ്നാപകൻ ആത്മസ്നാനത്തെക്കുറിച്ച് പ്രവചനപരമായി പറയുന്ന ഭാഗങ്ങളാണ്. 5-ാം വാക്യത്തിൽ യേശുക്രിസ്തുവാണ് പ്രവാചകൻ. അടുത്തത് ചരിത്രപരമാണ്. ആദിമസഭയിൽ ആദ്യമായി സംഭവിച്ചതും കൊർന്നല്ല്യോസ്സിന്റെ ഭവനത്തിൽ സംഭവിച്ചതും യേശുക്രിസ്തുവിന്റെ വാക്കുകളുടെ നിവൃത്തിയായിരുന്നു (അപ്പൊ 1:4,5) എന്ന് പത്രോസ് ഗ്രഹിച്ചു.
ആദിയിൽ എന്താണ് സംഭവിച്ചതെന്ന് അപ്പൊ 2:1-4 ൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അതിന്റെ യാതൊരു നിർവ്വചനവും പ്രവൃത്തികളുടെ പുസ്തകത്തിലില്ല. 7-ാമത്തെ വേദഭാഗത്തിൽ (1 കൊരി 12:13) ആണ് ആദ്യം സംഭവിച്ചതിന്റെ ഉപദേശപരമായ നിർവ്വചനം നൽകിയിരിക്കുന്നത്. " നാം എല്ലാവരും ഏകശരീരമാകുമാറ് ഒരേ ആത്മാവിൽ സ്നാനമേറ്റും..." എന്നെഴുതിയിരിക്കുന്നു. ***പെന്തക്കൊസ്ത് നാളിൽ ചരിത്രപരമായി സംഭവിച്ച പരിശുദ്ധാത്മ സ്നാനത്താൽ യേശുക്രിസ്തുവിന്റെ ശരീരമാകുന്ന സഭ സ്ഥാപിക്കപ്പെടുകയും പിതാവിന്റെ വാഗ്ദത്തമായ പരിശുദ്ധാത്മാവ് ഈകൃപായുഗത്തിലെ പ്രവർത്തനത്തിനായി കടന്നുവരികയും ചെയ്തു. ഇന്ന് ഒരു പാപി രക്ഷിക്കപ്പെടുമ്പോൾ ആത്മസ്നാനം ആവർത്തിക്കപ്പെടുന്നില്ല.*** *ഒരുവൻ രക്ഷിക്കപ്പെടുന്ന അതേ നിമിഷത്തിൽതന്നെ പരിശുദ്ധാത്മസ്നാനത്താൽ പെന്തക്കൊസ്ത് നാളിൽ സ്ഥാപിതമായ കർത്താവിന്റെ ശരീരത്തിന്റെ (സഭയുടെ) ഭാഗമായി ആ വ്യക്തി മാറുകയാണ്.* മാത്രല്ല അതേ നിമിഷം പെന്തക്കൊസ്ത് നാളിൽ പരിശുദ്ധാത്മാവിനെ ആദ്യദാനമായി (റോമർ 8:23) അവന് ലഭിക്കുകയാണ്. പരിശുദ്ധാത്മസ്നാനം എന്നത് ക്രിസ്തുവിന്റെ ജഡാവതാരം, ക്രൂശീകരണം, പുനരുത്ഥാനം, ആരോഹണം എന്നിവയ്ക്ക് സമാനമായ ഒരു ചരിത്രസംഭവമാണ്.
എല്ലാവരും ഒരേ ആത്മാവിനെ പാനം ചെയ്തുമിരിക്കുന്നു എന്നതിൽ നിന്നും വ്യക്തിപരമായി നമുക്കെല്ലാവർക്കും പാനം ചെയ്യുവാൻ ലഭിച്ചിരിക്കുന്നുവെന്ന് മനസ്സിലാക്കാം. ഒരു വ്യക്തി കർത്താവിനെ സ്വീകരിക്കുമ്പോൾ 'അബ്ബാ! പിതാവേ' എന്നു വിളിക്കുവാനുള്ള പുത്രത്വത്തിന്റെ ആത്മാവ് ലഭിക്കുന്നു (ഗലാ 4:4-6). അവൻ വാഗ്ദത്തത്തിന്റെ പരിശുദ്ധാത്മാവിനാൽ മുദ്രയിടപ്പെടുന്നു (എഫെ 1:13,14). അവനിൽ പരിശുദ്ധാത്മാവ് വസിക്കുന്നു (1 കൊരി 6:19,20). ഈ പറഞ്ഞ കാരണങ്ങളാൽ ഒരു വിശ്വാസി ദൈവാത്മാവിനായി കാത്തിരിക്കേണ്ടതില്ല. തന്നെയുമല്ല രക്ഷിക്കപ്പെടുമ്പോളുണ്ടാകുന്ന പരിശുദ്ധാത്മ പ്രവർത്തനത്തിന് തിരുവചനത്തിൽ പറയുന്ന വാക്കുകൾ 'മുദ്രയിട്ടിരിക്കുന്നു', 'അച്ചാരം', 'അഭിഷേകം പ്രാപിച്ചിരിക്കുന്നു' എന്നൊക്കെയാണ്, ആത്മസ്നാനമെന്നല്ല. ഇത് ഒരു ചരിത്രസംഭവവും ആവർത്തിക്കപ്പെടാത്തതുമായതിനാൽ അടയാളമായി അന്യഭാഷാവരം അന്വേഷിക്കുന്നത് വ്യർത്ഥവുമാണ്.

ആത്മസ്നാനംപോലെതന്നെ അധികം തെറ്റിദ്ധരിക്കപ്പെട്ടിട്ടുള്ള ഒന്നാണ് പരിശുദ്ധാത്മനിറവ്. അപ്പൊ 2-ൽ ഒരു പ്രത്യേക യുഗമെന്ന നിലയിൽ പരിശുദ്ധാത്മാവിന്റെ ആഗമനവും ആത്മസ്നാനവും ആദ്യമായി നടന്നുവെന്നാണ് അർത്ഥമാക്കിയിരിക്കുന്നത്. ***ശിഷ്യന്മാർ കാത്തിരുന്നത് ആത്മനിറവിനു വേണ്ടിയല്ല, പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥനു വേണ്ടിയാണ്. ആത്മനിറവും അവിടെ നടന്നു എന്നുള്ളത് ശരിയാണ്. ആത്മാവിൽ വിശ്വാസികൾ സ്വയം നിറയുകല്ല, പരിശുദ്ധാത്മവിനോട് നിറയ്ക്കാൻ ആവശ്യപ്പെടുകയുമല്ല, പ്രത്യുത, നിറയപ്പെടുന്നതിന് നാം വിധേയരാവുകയാണ് ചെയ്യുന്നത്. നമ്മുടെ ജീവിതത്തിൽ ദൈവവചനം അനുസരിക്കുന്നുവെങ്കിൽ മാത്രമേ ആത്മനിറവുണ്ടാകുകയുള്ളു (കൊലൊ 3:16).*** വീഞ്ഞു കുടിക്കുന്നവർ അതിന്റെ ശക്തിക്കധീനരായിരിയ്ക്കുന്നതുപോലെആത്മാവിൽ നിറഞ്ഞവർ ആത്മാവിന്റെ സമ്പൂർണ്ണ നിയന്ത്രണത്തിലായിത്തീരുന്നു. തന്നെയുമല്ല ആത്മനിറവിന്റെ പരിണിത ഫലം മറ്റുള്ളവർക്ക് ആത്മീയ വളർച്ച ഉണ്ടാവുക, ആത്മീയ സന്തോഷത്തിന്റെ പാട്ടുകൾ ഹൃദയത്തിൽ പാടുവാൻ കഴിയുക, അനുകൂലവും പ്രതികൂലവുമായ സാഹചര്യങ്ങളിൽ സ്തോത്രം ചെയ്യുക, ദൈവഭയത്തിൽ അന്യോന്യം കീഴ്പെടുക എന്നിവയാണ് (എഫെ 5:18-24),
അല്ലാതെ അന്യഭാഷയല്ല.

## അന്യഭാഷാവരമുള്ള

**ദൈ**വസഭയിലെ വിശ്വാസികളുടെ ആത്മീയവളർച്ചയ്ക്കും പൊതുപ്രയോജനത്തിനുമായി പരിശുദ്ധാത്മാവ് ഓരോ വിശ്വാസിക്കും നൽകുന്ന കൃപാദാനത്തിനാണ് "ആത്മീയ വരങ്ങൾ" എന്നു പറയുന്നത്. നാം രക്ഷിക്കപ്പെടുമ്പോൾത്തന്നെ നമുക്ക് ദാനമായി നൽകുന്നതാണ് ആത്മീയവരങ്ങൾ. 1 കൊരിന്ത്യർ 12:11-ൽ പരിശുദ്ധാത്മാവാണ് ആത്മീയവരങ്ങളുടെ വിഭാജകൻ എന്നുകാണാം. പരിശുദ്ധാത്മാവ് തന്റെ ഇച്ഛക്കനുസരിച്ച് കൃപാവരങ്ങളെ വിഭജിച്ചു നൽകുമ്പോൾ ഏതെങ്കിലും പ്രത്യേക കൃപാവരം പ്രാപിക്കുന്നതിന് ആരെയെങ്കിലും നിർബന്ധിക്കുന്നത് വചനവിരുദ്ധമാണ്. പുതിയ നിയമ സഭയുടെ ആരംഭദശയിൽ അസാധാരണയായ ചില അത്ഭുതസിദ്ധികളും പ്രത്യേക വരങ്ങളും സഭയിൽ നൽകപ്പെട്ടിരുന്നു.
പരിശുദ്ധാത്മാവിന്റെ ഇച്ഛപ്രകാരം ഒരുവന് മറ്റൊന്നും മറ്റൊരുവന് മറ്റൊന്നുമായിട്ട് വിഭജിച്ചാണ് അവ വിതരണം ചെയ്തത്. അങ്ങനെയുള്ള അത്ഭുത വരങ്ങളിലൊന്നായിരുന്നു അന്യഭാഷയിൽ സംസാരിക്കാനുള്ള കഴിവ്. വെറും സാധാരണക്കാരും വിദേശഭാഷ വശമില്ലാത്തവരുമായ ശിഷ്യഗണത്തിന് ബലത്തിനും, ധൈര്യത്തിനും, പ്രസംഗത്തിനും, അവിശ്വാസികൾക്ക് അടയാളമാകേണ്ടതിനും അന്ന് അത്ഭുതകഴിവുകൾ ലഭിച്ചു. പുതുഭാഷകൾ എന്നാണ് കർത്താവ് അതിനെ വിളിച്ചത്.
സ്വന്തമല്ലാത്തതും അതുവരെ പരിചയിച്ചിട്ടില്ലാത്തതുമായ വേറെ ഭാഷകൾ എന്നർത്ഥം. അത് മനസ്സിലാകാത്ത ഭാഷയോ സ്വർഗ്ഗീയ ഭാഷയോ ആയിരുന്നില്ല. അർത്ഥരഹിതമായ ശബ്ദഘോഷങ്ങളോ അസ്പഷ്ടമായ മിശ്രപദങ്ങളുടെ ഉച്ചാരണമോ അല്ല. പുതുഭാഷകളും, പഴയഭാഷകളും ലോകത്തിലുള്ള എല്ലാ ഭാഷകളും തെളിവായി മനസ്സിലാകുന്ന ഭാഷകളാണ് (1 കൊരി 14:10). പെന്തക്കൊസ്ത് നാളിൽ കൂടിവന്ന പുരുഷാരം വിദേശികളും വിവിധഭാഷക്കാരും അടങ്ങിയ യഹൂദരായിരുന്നു. വിശ്വാസികളായ അവർക്ക് അടയാളമായിത്തീർന്നിട്ട് അവരെ ക്രിസ്തുവിങ്കലേക്ക് ആകർഷിക്കുവാനും അനേകരെ രക്ഷയിലേക്ക് നടത്തുവാനും വഴിയൊരുക്കുന്ന ഒരു നല്ല നടപടിയായിട്ടാണ് പരിശുദ്ധാത്മാവ് ആ സന്ദർഭം ഉപയോഗപ്പെടുത്തിയത്. ചുറ്റുമുള്ള പല രാജ്യങ്ങളിലെ ആളുകൾ സംസാരിക്കുന്ന നാട്ടുഭാഷകളിലാണ് അന്ന് ഭാഷാവരം ലഭിച്ച ആ ഗലീലക്കാർ സംസാരിച്ചത്. അന്യഭാഷകളെന്നു പറയുന്നത് അന്യരാജ്യങ്ങളിലെയും അന്യന്മാരുടെയും ഭാഷകളായതുകൊണ്ടാണ്.

Contd....

പെന്തക്കൊസ്ത് നാളിൽ ആദ്യമായി അന്യഭാഷാവരം ലഭിക്കുമ്പോൾത്തന്നെ എല്ലാവരും അന്യഭാഷകളിൽ സംസാരിച്ചിരുന്നതായി പറയുവാൻ കഴിയുകയില്ല. കാരണം പത്രൊസ് മൗനമായിരുന്നതിനുശേഷം അന്യഭാഷ സംസാരിച്ചവരെ ആക്ഷേപിച്ചവരോട് നിങ്ങൾ ഊഹിക്കുന്നതുപോലെ 'ഇവർ', 'ഞങ്ങൾ' എന്നല്ല 'ഇവർ വീഞ്ഞുകുടിച്ചവരല്ല' എന്നാണ് പറഞ്ഞത്. 'എന്റെ വാക്ക് ശ്രദ്ധിച്ചുകൊൾവിൻ' എന്നും പത്രോസ് പറഞ്ഞിട്ടുണ്ട്. താൻ വീഞ്ഞു കുടിച്ചിട്ടുണ്ടെന്ന് അവർ ധരിക്കാതിരിക്കത്തക്കവണ്ണം അവരോടൊപ്പം അന്യഭാഷ സംസാരിക്കാതിരുന്നതുകൊണ്ടാണല്ലോ തന്നെ അവരിൽനിന്ന് ഒറ്റപ്പെടുത്തി മേല്പറഞ്ഞപ്രകാരം 'ഇവർ' എന്നും 'എന്റെ വാക്ക് ശ്രദ്ധിച്ചുകൊൾവിൻ' എന്നും പറഞ്ഞത്. ആത്മാവിനാൽ നിറയപ്പെട്ട പത്രോസ് സമയം വന്നപ്പോൾ എല്ലാവർക്കും മനസ്സിലാകുന്ന ഭാഷയിലാണ് ദീർഘമായി വചനം പ്രസംഗിച്ചത്. 1 കൊരിന്ത്യർ 12ന്റെ 29 മുതൽ 31 വരെയുള്ള വാക്യങ്ങളിൽ എല്ലാ വരങ്ങളും എല്ലാവർക്കും നൽകുന്നുണ്ടോ എന്നു പൗലോസ് ചോദിക്കുമ്പോൾ മേല്പറഞ്ഞ സംഭവത്തിന്റെ യഥാർത്ഥ അർത്ഥം മനസ്സിലാകും. ഏതായാലും പെന്തക്കൊസ്ത് നാളിലെഅന്യഭാഷാഭാഷണം ചിലർക്കൊക്കെ കോടാലി തന്നെയാണ്.

13-ാം അദ്ധ്യായത്തിൽ ആത്മാവിന്റെ വരങ്ങളിലൊന്നായ അന്യഭാഷാഭാഷണത്തേക്കാൾ വളരെ പ്രധാനപ്പെട്ടത് ആത്മാവിന്റെ ഫലമായ സ്നേഹമാണെന്ന് ചൂണ്ടിക്കാണിക്കുന്നു. തുടർന്ന് ഭാഷാവരം നിന്നുപോകുമെന്നും അത് സഭയുടെ ശൈശവകാലത്തേക്ക് നൽകപ്പെട്ടവയാണെന്നും സഭ വളർച്ചയിലെത്തുമ്പോൾ ആ ശൈശവകാകാലവരങ്ങൾ മാറ്റപ്പെടുമെന്നും തന്റെ ശൈശവത്തേയും വളർന്ന കാലത്തേയും ദൃഷ്ടാന്തപ്പെടുത്തി പൗലോസ് സ്ഥാപിച്ചു. കൊരിന്ത്യർക്ക് ദൈവം നൽകിയ ഭാഷാവരം ലോകഭാഷകൾ തന്നെയായിരുന്നു. അത് നാവുകൊണ്ട് തെളിവായി സംസാരിച്ചാൽ ആ ഭാഷകൾ അറിയാവുന്നവർ അവിടെ സന്നിഹിതരാണെങ്കിൽ അത് മനസ്സിലാകുമെന്നാണ് 9-ാം വാക്യത്തിന്റെ അർത്ഥം (1 കൊരി 14:9). അവരുടെ ഭാഷ വെറും അപശബ്ദങ്ങളായിരുന്നില്ല. ഭാഷ ലഭിച്ചവർ സ്വയം നിയന്ത്രിച്ച് സുബോധത്തോടെ ഉപയോഗിക്കേണ്ട വരമാണ് എന്നാണ് 14-ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

സഭയിൽ മനുഷ്യരോട് സംസാരിക്കേണ്ടതിനുപകരം പരസ്പരം തിരിച്ചറിയാൻ കഴിയാത്ത ഭാഷയിൽ അവർ ആത്മാവിൽ മർമ്മങ്ങൾ സംസാരിച്ചതുകൊണ്ട് സഭയ്ക്ക് ഒരു പ്രയോജനവുമില്ല എന്ന് പൗലോസ് അറിയിക്കുന്നു. അത് വിശദമാക്കുവാനായി "ഞാൻ അന്യഭാഷകളിൽ സംസാരിച്ചുകൊണ്ടുവന്നാൽ നിങ്ങൾക്കെന്തു പ്രയോജനം, നാദഭേദം കാണിക്കാഞ്ഞാൽ ഊതിയതോ, മീട്ടിയതോ എന്തെന്ന് എങ്ങനെ അറിയും" തുടങ്ങിയ ഉദാഹരണങ്ങൾ നൽകുന്നു. ഭാഷാവരമുപയോഗിക്കുമ്പോൾ തെളിവായി ഉച്ചരിക്കണമെന്നുതന്നെയർത്ഥം. ഭാഷ ഉപയോഗിക്കുവാനായി 5 നിയയന്ത്രണങ്ങളും കൊരിന്ത്യ സഭയ്ക്ക് നൽകപ്പെട്ടു.

1. കൂട്ടമായി സംസാരിക്കാതെ, ഓരോരുത്തരായി സംസാരിക്കണം.
2. വ്യാഖ്യാനി ഇല്ലെങ്കിൽ അന്യഭാഷക്കാരൻ മൗനം പാലിക്കണം.
3. സഭയിൽ സ്ത്രീകൾ മിണ്ടാതിരിക്കട്ടെ.
4. അന്യഭാഷ പറയുന്നെങ്കിൽ രണ്ടോ മൂന്നോപേർ മാത്രം പറയട്ടെ.
5. കേൾക്കുന്നവർക്ക് പ്രയാസപ്പെടാതെ മനസ്സിലാകത്തക്കവിധം തെളിവായി വാക്കുകൾ ഉച്ചരിക്കട്ടെ.

കൊരിന്ത്യരുടെ അവിഹിതമായ അന്യഭാഷാ സംസാരം ദൈവത്തോടായിരുന്നെങ്കിലും അത് അനവസരത്തിലും അസ്ഥാനത്തുമുള്ളതാണെന്ന് കാണിക്കുന്ന കല്പനയാണ് വ്യാഖ്യാനി ഇല്ലെങ്കിൽ സഭയിൽ മിണ്ടാതെ തന്നോടും ദൈവത്തോടും സംസാരിക്കട്ടെ എന്ന നിയന്ത്രണം.

സഭായുഗത്തിന്റെ ആരംഭനാളുകളിൽ യേശുക്രിസ്തുവിൽക്കൂടെയുള്ള രക്ഷയുടെ സന്ദേശം അന്നത്തെ ജനത്തിന് ഉറപ്പിച്ചു നൽകുന്നതിനായി ചില അടയാള വരങ്ങൾ പരിശുദ്ധാത്മാവ് സഭയ്ക്ക് നൽകിയിരുന്നു. എബ്രായ വിശ്വാസികൾക്ക് ലേഖനം എഴുതിയ സമയത്ത് "ദൈവം അടയാളങ്ങളാലും അത്ഭുതങ്ങളാലും..... ഉറപ്പിച്ചുതന്നതുമായ ഇത്ര വലിയ രക്ഷ" എന്നു രേഖപ്പെടുത്തിയിരിക്കുന്നതിനാൽ ഈ ലേഖനം എഴുതിയതിന് (അ.ഉ. 64 നും 69 നും ഇടയ്ക്ക്) മുൻപുതന്നെ അടയാള വരങ്ങളായ രോഗശാന്തിവരം, വീര്യപ്രവൃർത്തികൾ, പലവിധ ഭാഷകൾ ഭാഷകളുടെ വ്യാഖ്യാനം എന്നിവ നിന്നുപോയി എന്നു മനസ്സിലാക്കാം. കൃപാവരങ്ങളെപ്പറ്റി എഴുതിയിരിക്കുന്ന ലേഖനങ്ങളായ റോമർ, കൊരിന്ത്യർ, എഫെസ്യർ, പത്രൊസ് എന്നിവയിൽ ഒന്നാമത്തേത് അ.ഉ. 56 ൽ എഴുതിയ കൊരിന്ത്യ ലേഖനമാണ്. ഇതിൽ പറയുന്ന രോഗശാന്തിവരം, വീര്യപ്രവൃത്തികൾ, ഭാഷകളുടെ വ്യാഖ്യാനം എന്നിവ അ.ഉ. 57 ൽ എഴുതിയ റോമാലേഖനത്തിലും അ.ഉ. 60-62 ൽ എഴുതിയ എഫെസ്യലേഖനത്തിലും അ.ഉ. 64 ൽ എഴുതിയ പത്രോസിന്റെ 1-ാം ലേഖനത്തിലും പരാമർശിച്ചിട്ടില്ല. ഇതിൽനിന്നും അ.ഉ. 57ന് മുൻപുതന്നെ അടയാളവരങ്ങളുടെ ഉപയോഗം അവസാനിച്ചു എന്ന് വ്യക്തമാണ്. ഈ വരങ്ങൾ ദൈവം ഇന്ന് വിശ്വാസികൾക്ക് നൽകുന്നില്ല. പ്രവചനം നീങ്ങിപ്പോകുമെന്നും അന്യഭാഷ നിന്നുപോകുമെന്നും നിലനിൽക്കുന്ന ശ്രേഷ്ഠവരങ്ങളായ വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവ ആഗ്രഹിക്കണമെന്നും പൗലോസ് കൽപ്പിക്കുന്നു. നിന്നു പോയ ഈ അടയാള വരങ്ങൾ ഇന്നും ചില ക്രൈസ്തവവേദികളിൽ നടക്കുന്നുവെന്ന് ആരെങ്കിലും അവകാശപ്പെടുന്നുവെങ്കിൽ അത് ദൈവാത്മപ്രേരിതമല്ല എന്നു പറയാതെ നിർവാഹമില്ല. അവരെക്കുറിച്ച് മത്തായി 7-ന്റെ 22ഉം 23ഉം വാക്യങ്ങളിൽ കർത്താവ് പറഞ്ഞിരുന്നത് ആവർത്തിക്കുന്നു."ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല".

കൃപയാൽ വിശ്വാസം മൂലം ഒരുവൻ രക്ഷിക്കപ്പെടുമ്പോൾ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയോട് ചേരുന്നതിനാൽ പുത്രന്റെഅഭിഷേകം അവനും ലഭിക്കുന്നു. ഇപ്രകാരമുള്ള അഭിഷിക്തൻ ദൈവകൽപ്പനയായ സ്നാനം സ്വീകരിക്കുന്നവനായിരിക്കും. ആ വ്യക്തി സ്നാനപ്പെട്ടിട്ട് അഭിഷേകം പ്രാപിക്കാൻ കാത്തിരിക്കേണ്ടതില്ല. ദൈവകൃപയിലാണ് ആ വ്യക്തി നിലനിൽക്കുന്നത്. ആയതിനാൽ മേലുദ്ധരിച്ച പരസ്യത്തിൽ രക്ഷിക്കപ്പെട്ട സുന്ദരനും .......... എന്ന പ്രയോഗം മതി.

Contd....

**പി**താവിനും പുത്രനും പരിശുദ്ധാത്മാവിനും നിത്യത മുതൽ പ്രതീക്ഷയുള്ളതാണ് കുഞ്ഞാടിന്റെ (സഭാകാന്തന്റെ) കല്യാണം. സഭ മുഴുവനായി കുഞ്ഞാടിന്റെ കാന്തയാണ്. പരിശുദ്ധാത്മാവ് ആ മണവാട്ടിയെ ഒരുക്കിക്കൊണ്ടിരിക്കുകയാണ്. ആ ഒരുക്കത്തിനുള്ള വസ്ത്രം വെളിപ്പാട് 22-ന്റെ 12-ാം വാക്യത്തിലും 1 കൊരിന്ത്യർ 3ന്റെ 8-ഉം 14-ഉം വാക്യങ്ങളിലും വിവരിച്ചിട്ടുണ്ട്. രക്ഷിക്കപ്പെട്ട ഓരോരുത്തരും തങ്ങളുടെ പ്രവൃത്തികൾ നിർവഹിച്ചുകൊണ്ട് കുഞ്ഞാടിന്റെ മണവാട്ടിയായി ഒരുക്കപ്പെട്ട് മണവാളനായ ക്രിസ്തുവിനെ സ്വീകരിക്കാൻ കാത്തിരിക്കുമ്പോൾ "വധുവിനെ ആവശ്യമുണ്ട് " എന്ന ഈ തലക്കെട്ടിലൂടെ ദൈവം നിങ്ങളെക്കുറിച്ച് ആഗ്രഹിക്കുന്നത് നിങ്ങൾ യഥാർത്ഥമായി രക്ഷിക്കപ്പെട്ട്, ദൈവവചനത്തിൽ നിലനിന്ന്, ദൈവപൈതലിന്റെ പ്രവൃത്തികൾ ചെയ്ത്,കാന്തനെ കാത്തിരിക്കുന്ന ദൈവസഭയോട് ചേർന്ന് അനുരൂപയായ വധുവായി ഒരുങ്ങുക എന്നതാണ്. അങ്ങനെയായിത്തീരുന്നതിന് ദൈവം നിങ്ങളെ സഹായിക്കട്ടെ. ആമേൻ കർത്താവായ യേശുവേ, വരേണമേ.

**ആ**ദ്യനും അന്ത്യനും സകലസൃഷ്ടിയുടെയും പിതാവും അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനും നിത്യപിതാവുമായ ദൈവം; തന്റെ ഏകജാതനും സാരാംശത്തിൽ തന്നോടും പരിശുദ്ധാത്മാവിനോടും സമത്വമുള്ളവനുമായവനും; തലയും തലമുടിയുംവെളുത്തപഞ്ഞിപോലെ ഹിമത്തോളം വെള്ളയായവനും, മുഖം സൂര്യൻശക്തിയോടെ പ്രകാശിക്കുന്നതുപോലെയുള്ളവനും, അഗ്നിജ്വാലക്കൊത്ത കണ്ണുള്ളവനും, വായിൽ മൂർച്ചയേറിയ ഇരുവായ്ത്തലയുള്ള വാളുള്ളവനും, പെരുവെള്ളത്തിന്റെ ഇരച്ചിൽ പോലെ ശബ്ദമുള്ളവനും, മാറത്ത് പൊൻകച്ച കെട്ടിയവനും, കാല് ഉലയിൽ ചുട്ടുപഴുപ്പിച്ച വെള്ളോടിന് സദൃശ്യനും ആയ പുത്രനെക്കൊണ്ട്; തന്റെ വീണ്ടെടുപ്പുകാരനായ കാന്തനിൽ വിശ്വസിക്കുന്നവളും, പ്രത്യാശയർപ്പിക്കുന്നവളും, തനിക്കുവേണ്ടി ജീവൻവച്ചവനെ സ്നേഹിക്കുകയും വിശുദ്ധി കാത്തു സൂക്ഷിക്കുകയുംചെയ്യുന്നവളും, വിശ്വസ്തതയുള്ളവളുമായ വിവാഹനിശ്ചയം ചെയ്യപ്പെട്ട കന്യകയെ വിവാഹം ചെയ്യിക്കുവാൻ ആഗ്രഹിക്കുന്നു.

**Originally Published By Brethren Believers Residing at Kunnam, Mavelikara**
**By mainly using Vachanaprakashini Vol. IV.**
**For more about this topic, please contact: adelphoinews@gmail.com**
**Or +91-9447265500**